## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 45

03-02-2020-ൽ മറുപടിയ്ക്ക്

## ഭരണഘടനാ സംരക്ഷണം

**ചോദ്യം**
**ശ്രീ.കെ.ജെ.മാക്സി**

**മറുപടി**
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ പോലും നിലവിൽ ഭീഷണി നേരിടുന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇവ സംരക്ഷിക്കാനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ) | ദേശീയ ജനസംഖ്യാ രജിസ്റ്റർ ദേശീയ പൗരത്വ രജിസ്റ്ററിലേക്ക നയിക്കുന്ന പ്രക്രിയയാണ്. കേന്ദ്രസർക്കാർ പാസ്സാക്കിയ പൗരത്വ നിയമ ഭേദഗതി (CAA-2019)യെ തുടർന്ന് രാജ്യത്ത് ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കിയാൽ രാജ്യത്തിലെ ഒട്ടനവധി പൗരന്മാരെ, പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗത്തിലുള്ള പൗരന്മാരെ അത് ദോഷകരമായി ബാധിക്കുമെന്നും സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ വിശിഷ്യ ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ വ്യാപകമായ ഭയവും ആശങ്കയും ഉളവായിട്ടുണ്ട്. ഇതിനകം തന്നെ ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കിക്കഴിഞ്ഞ സംസ്ഥാനത്തിലെ അനുഭവം ഇത്തരത്തിലുള്ള ഭയാശങ്കകൾക്ക് അടിസ്ഥാനമാണ്. പൗരത്വ നിയമ ഭേദഗതി (CAA-2019)തന്നെ ഭരണഘടനയ്ക്ക് നിരക്കാത്തതാണ് എന്നുള്ള അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് 20/12/2019 ലെ സർക്കാർ ഉത്തരവ് (എം.എസ്)നം. 247/2019/പൊഭവ പ്രകാരം സംസ്ഥാനത്തിൽ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.<br>2.ദേശീയ ജനസംഖ്യാ രജിസ്റ്റർ നടപടികളുമായി മുന്നോട്ട് പോയാൽ സംസ്ഥാനത്തെ ക്രമസമാധാന നിലയെ അത് പ്രതികൂലമായി ബാധിക്കുമെന്ന് സംസ്ഥാന പോലീസ് വിഭാഗവും ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതതു ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായി പ്രവർത്തിക്കുന്ന ജില്ലാ കളക്ടർമാർ ജനസംഖ്യാ കണക്കെടുപ്പിനൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്ററിന്റെ നടപടികൾ കൂടി നടപ്പിലാക്കാൻ ശ്രമിച്ചാൽ ജനസംഖ്യാ കണക്കെടുപ്പുതന്നെ കൃത്യമായി നടപ്പിലാക്കാൻ തടസ്സം വരുമെന്നും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 2019 ഡിസംബർ 29-ന് ഈ വിഷയങ്ങൾ ചർച്ച ചെയ്യുവാനായി മുഖ്യമന്ത്രി സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടെയും സാമൂഹിക -മത -സാമുദായിക സംഘടനാ നേതാക്കളുടെയും യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന ഭയാശങ്കകളും കൂടി പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തെ പൗരന്മാർക്കിടയിൽ, പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള അനിതരസാധാരണമായ ഭയാശങ്കകൾ |

| ചോദ്യം | മറുപടി |
|---|---|
| | മുതലെടുത്ത് നേട്ടമുണ്ടാക്കാൻ മതമൗലികവാദ ശക്തികളും ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തെ ജനാഭിലാഷത്തെ പ്രതിഫലിപ്പിച്ചുകൊണ്ട് ഭരണഘടനയിലെ മതനിരപേക്ഷ മൂല്യങ്ങൾ ഇല്ലാതാക്കുന്നതും പൗരത്വം നൽകുന്നതിൽ മതപരമായ വിവേചനം സൃഷ്ടിക്കുന്നതുമായ പൗരത്വനിയമഭേദഗതി നിയമം-2019 റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം കേരള നിയമസഭയിൽ ഐക്യകണ്ഠേന പാസാക്കുകയും ചെയ്തു. ദേശീയ പൗരത്വ ഭേദഗതി നിയമം, 2019 ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്കു വിരുദ്ധമാണെന്നും ആയതിനാൽ നിയമ നിർമ്മാണ സഭയുടെ അധികാരങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുള്ളതല്ലെന്നുള്ള അഭിപ്രായവും പൊതുവേ ഉയർന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഭരണഘടനയുടെ അനുഛേദം-131 പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ഭരണഘടനാവകാശം വിനിയോഗിച്ച് പൗരത്വ ഭേദഗതി നിയമം-2019-ന്റെ ഭരണഘടനാ സാധുത ആരാഞ്ഞുകൊണ്ട് ബഹു.സുപ്രീം കോടതി മുമ്പാകെ 2020 ജനുവരി 13-ന് ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യുകയുണ്ടായി.<br>3.പൊതുജനങ്ങളുടെ ഭയാശങ്കകൾ അകറ്റുകയും ക്രമസമാധാന നില ഉറപ്പു വരുത്തുകയും ചെയ്യേണ്ടത് സംസ്ഥാന സർക്കാരിന്റെ അടിസ്ഥാനപരമായ ഭരണഘടനാ ഉത്തരവാദിത്തമാണ്.<br>4.മുകളിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ജനസംഖ്യാ കണക്കെടുപ്പ് 2021-ന്റെ ആദ്യഘട്ടത്തിനൊപ്പം നടത്താനിരുന്ന ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടികൾ സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ല എന്നുള്ളകാര്യം കേന്ദ്രസർക്കാരിന്റെ രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിക്കുന്നതിന് 20.01.2020 ചേർന്ന മന്ത്രിസഭായോഗം തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം ചീഫ് സെക്രട്ടറി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യ കണക്കെടുപ്പ് (സെൻസസ്-2021)മായി സർക്കാർ പൂർണമായി സഹകരിക്കുമെന്നും രജിസ്റ്റർ ജനറൽ & സെൻസസ്സ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ